بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**09 October 2020/21 Safar 1442 AH**

# *Duahs (Invocations)* (Pt. 14) ദുആകൾ (ഭാഗം-14)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ദുആകൾ എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പതിനാലാമത്തെ പ്രസംഗം ആരംഭിക്കുകയുണ്ടായി. ഇന്ന് ഞാൻ നിങ്ങളുടെ മുൻപാകെ സമർപ്പിക്കുന്നത് അല്ലാഹു(ത) എന്നെ തെരഞ്ഞെടുക്കുകയും, ഉയർത്തുകയും ചെയ്തതിനു മുൻപുള്ളതും പിന്നീടുള്ളതുമായ ദുആകളാണ്. ഞാൻ അഹ്മദിയ്യാ ജമാഅത്തിൽ ആയിരുന്നപ്പോഴും 2001 ജനുവരി 1-ാം തീയതി നിസാമെ ജമാഅത്തിൽ നിന്നും എന്നെ പുറത്താക്കപ്പെടുന്നതുവരെയുള്ളതുമായ ദുആകളാണ് ഞാൻ ഇതിലൂടെ ഇവിടെ സമർപ്പിക്കുന്നത്. വിധി നിർണ്ണായകമായ, അവിസ്മരണീയമായ വർഷം 2001 ജാനുവരി 7-ാം തീയതി എനിക്ക് നാല്പത് വയസ്സ് പൂർത്തി ആയപ്പോൾ, ആത്മീയ മണ്ഡലത്തിൽ സംഭവിച്ചതെല്ലാം, അത്ഭുതാവഹം തന്നെയാണ്. എല്ലാവിധ പീഡനങ്ങളും, കളിയാക്കലുകളും, നിസ്സഹകരണങ്ങളും ജീവിതത്തെയാകെ മാറ്റി മറിക്കുകയായിരുന്നു.

**പുതിയ ഇസ്ലാമിക് നൂറ്റാണ്ടിന്റെ പ്രാരംഭത്തിലെ പ്രധാനപ്പെട്ട സ്വപ്നം:** പുതിയ 15-ാം നൂറ്റാണ്ടിലെ ഹിജ്റ വർഷാരംഭത്തിൽ (1980ൽ) 1981 നവംബർ മാസത്തിൽ ഞാനൊരു സ്വപ്നം കാണുകയുണ്ടായി. പ്രസ്തുത സമയത്ത് ഞാൻ വളരെ ചെറുപ്പമായിരുന്നു. ഹിജ്രി കലണ്ടർ സംബന്ധമായി ഒന്നും അറിയില്ലായിരുന്നു. എന്നാലപ്പോൾ എനിക്കായി ഒരു പുതിയ നൂറ്റാണ്ട് പിറക്കുകയായിരുന്നു.ഒരനുഗൃഹീത നൂറ്റാണ്ട്, അല്ലാഹു(ത) യുടെ വഴിയിൽ മുഴുജീവിതപോരാട്ടം തുടങ്ങുന്നതിനായി!

സ്വപ്നത്തിൽ നാല് മഹത് വ്യക്തികൾ, വെള്ളവസ്ത്രധാരികളായി, വളരെ സുന്ദരന്മാരായി, മനോഹരങ്ങളായ വെള്ള താടികളുമായി പ്രശോഭിതമായ വദനത്തോടെ എന്റെ മാതാപിതാക്കളുടെ ഗൃഹത്തിലേക്ക് കടന്നുവന്നു. വിവിധ വർണ്ണങ്ങളാൽ പ്രശോഭിതമായ സോഫകളിൽ അവർ ഉപവിഷ്ടരായി. അവർ വന്നത് എന്റെ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട വാർത്തയുമായാണ്. എനിക്ക് ഭാവിയിൽ എന്ത് സംഭവിക്കും? ഈ കടന്നുകഴിഞ്ഞ നീണ്ട വർഷങ്ങൾക്കു ശേഷവും, ഞാൻ വളരെ വ്യക്തമായി, ഇത് സംബന്ധമായി ഓർമ്മയിൽ നിൽക്കുന്നതെന്തെന്നാൽ (ഈ സ്വപ്നം സംബന്ധമായി ഞാൻ ഒന്നും തന്നെ എഴുതി സൂക്ഷിച്ചിരുന്നില്ല) ഞാൻ എന്റെ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന വളരെ വലിയ പ്രതിബന്ധങ്ങളെപറ്റി അവർ മുന്നറിയിപ്പ് നല്കുകയായിരുന്നു. എന്നാൽ അത് സംബന്ധമായി ഞാൻ വിഷമിക്കേണ്ടതില്ലെന്നും അല്ലാഹു(ത) ഈ തടസ്സങ്ങളൊക്കെ നീക്കം ചെയ്യുന്നതാണെന്നും അവൻ എന്നോടൊപ്പം ഉണ്ടായിരിക്കുന്നതാണെന്നും സുവിശേഷം നല്കുകയുണ്ടായി. ഞാനീ സ്വപ്നം കണ്ടതു മുതൽ ഞാൻ ആകെ വിറച്ച്, അസ്വസ്ഥനായി, ഈ കാര്യം ആരോടെങ്കിലും പറയുവാനും എനിക്ക് താല്പര്യമില്ലായിരുന്നു. ഒടുവിൽ എന്നോട് സൗഹൃദത്തിൽ കഴിഞ്ഞിരുന്ന അയൽവാസിയായ, സമാദരണീയനായ ഒരു മുസ്ലിം

വ്യക്തിയോട് ഞാനീ കാര്യം പറയുകയുണ്ടായി. ഞാനീ പറഞ്ഞത് കേട്ട് അദ്ദേഹം ആദരസമന്വിതമായ അത്ഭുതത്തോടെ അദ്ദേഹം പറയുകയുണ്ടായി, ഇത് തീർച്ചയായും മഹത്തായ ഒരു സ്വപ്നം തന്നെയാണ്, താങ്കൾ അല്ലാഹുവിന്റെ ഇഷ്ടഭാജനങ്ങളിൽപെട്ട ആളുതന്നെയാണ്. അദ്ദേഹം എന്നോട് തുടർന്നു പറയുകയുണ്ടായി. അതുകൊണ്ടാണ് ഞാൻ താങ്കളെ കൂടുതലായി ഇഷ്ടപ്പെടുവാനുള്ള കാരണവും! എന്റെ മാതാപിതാക്കളോട് ഈ സ്വപ്നവിവരം പറയുവാനും അദ്ദേഹം എന്നെ ഉപദേശിക്കുകയുണ്ടായി. ഞാൻ എന്റെ മാതാവിനോട് ഈ കാര്യങ്ങൾ പറഞ്ഞപ്പോൾ അവർ വിഷമിക്കുകയും ദൈവവഴിയിൽ സദഖ നല്കുവാനും ദുആ ചെയ്യുവാനും ഉപദേശിക്കുകയുണ്ടായി. ഞാൻ ഇപ്രകാരം ചെയ്യുകയുണ്ടായി. പിതാവിനോട് പറഞ്ഞപ്പോൾ, എന്റെ ഈ സ്വപ്ന വാർത്തകേട്ട ശേഷം എന്നെ നോക്കി പുഞ്ചിരിക്കുകയും, അതുകണ്ടപ്പോൾ എന്റെ എല്ലാ പ്രയാസങ്ങളും വളരെ പെട്ടെന്ന് ഓടിമറഞ്ഞതുപോലെ അനുഭവപ്പെടുകയുമുണ്ടായി. അദ്ദേഹം എന്നോട് ഇപ്രകാരം പറയുകയുണ്ടായി, തീർച്ചയായും ഇതൊരു മഹത്തായ സ്വപ്നം തന്നെയാണ്, നീ ദർശിച്ചത്! എന്നാൽ എനിക്ക് പ്രയാസമുണ്ടായ കാര്യം, എന്തുകൊണ്ട് പ്രസ്തുത മഹ്ത് വ്യക്തികൾ (മാലാഖമാർ) എന്നോട് പറയുകയുണ്ടായില്ല, അല്ലാഹു(ത) എല്ലായ്പ്പോഴും എന്നോടൊപ്പമുണ്ടാകുമെന്ന്!

ഞാൻ യുവാവായിരിക്കുമ്പോൾ കണ്ട ഏറ്റവും പ്രധാനപ്പെട്ട സ്വപ്നം ഇതായിരുന്നു. എന്നെ അല്ലാഹു(ത) അവന്റെ പ്രതിനിധിയായി തെരഞ്ഞെടുക്കുന്നതിനു മുൻപുള്ള ഏറ്റവും പ്രധാനപ്പെട്ട സ്വപ്നവും ഇതുതന്നെയായിരുന്നു. സത്യസ്വപ്നങ്ങളും സത്യദർശനങ്ങളും അല്ലാഹു(ത) എനിക്ക് നല്കിക്കൊണ്ടിരുന്നു. എന്നാൽ ആ സമയത്ത് അതിന്റെ ഗൗരവം എനിക്കറിയില്ലായിരുന്നു. എന്നാൽ മുമ്പൊന്നും ഇല്ലാത്ത നിലയിൽ മെല്ലെ മെല്ലെ അവനിൽ നിന്നുള്ള ദിവ്യമായ ദൃഷ്ടാന്തങ്ങൾ എനിക്ക് വെളിപ്പെടുവാൻ തുടങ്ങിയപ്പോൾ, ഞാൻ ഏകദേശം നാല്പതോടടുക്കുമ്പോൾ, എന്നോട് അല്ലാഹു(ത) കൂടുതൽ സ്നേഹം കാട്ടിത്തുടങ്ങി, അല്ലാഹു(ത) എന്നെ വലിയ നിലയിൽ സഹായിച്ചു തുടങ്ങി. അവൻ വാഗ്ദാനം ചെയ്തതുപോലെ തന്നെ! അഹ്മദിയ്യാ ജമാത്തിന്റെ പ്രവർത്തകനെന്ന നിലയിലും, പ്രചാരകനെന്ന നിലയിലും, അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിച്ചപ്പോൾ, ദാഈഇലല്ലാഹ് ആയി മാറിയപ്പോൾ, എന്റെ അന്തസ്സിനെയേയും മാന്യതയേയും ചോദ്യം ചെയ്തപ്പോൾ, അല്ലാഹുവിൽ നിന്നുള്ള പ്രത്യേക സഹായം എനിക്ക് ലഭിക്കുകയുണ്ടായി. ഈ കഠിനതയേറിയ കാലഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ, അമീർ എന്ന് പറയുന്ന ആളിന്റെയും അയാൾക്കു ചുറ്റുമുള്ള പ്രഭൃതികളുടെയും നീച പദ്ധതികളെ അതിജയിക്കാനായി അല്ലാഹു (ത) എനിക്ക് അനേകം ദുആകൾ തരികയുണ്ടായി. എന്റെ ആത്മാവിന് ശാന്തിയേകിക്കൊണ്ട്!

**നവനൂറ്റാണ്ടിന്റെ പ്രാരംഭത്തിലെ നവദൈവീക ദൃഷ്ടാന്തത്തിന്റെ ഉയർത്തെഴുന്നേല്പ് :**

പ്രസ്തുത സമയത്ത് എനിക്ക് ലഭിച്ചുകൊണ്ടിരുന്ന ദൈവീക വെളിപാടുകളിൽ വിശ്വസിച്ച, എന്റെ സഹോദരൻ സഫറുല്ലാ ഡുമൂൺ സാഹിബിനേയും അവർ ലക്ഷ്യം വെയ്ക്കുകയും, നമ്മുടെ സ്വന്തം ജമാഅത്തിലെ ആളുകൾ തന്നെ പിന്നിൽ നിന്ന് കുത്തുകയും, പരിഹസിക്കുകയും, പുച്ഛിക്കുകയും ചെയ്യുകയുണ്ടായി. അവരുടെ വെറുപ്പും അസൂയയും വ്യക്തമായി പ്രകടിപ്പിക്കുവാനുള്ള ഒരവസരവും അവർ ഒഴിവാക്കുകയുണ്ടായില്ല. അങ്ങനെ, ആ സമയങ്ങളിൽ ലഭിച്ച ദുആകളും, വെളിപാടുകളും, ഞങ്ങളുടെ ഹൃദയങ്ങൾക്കുള്ള ശമനൗഷധലേപനങ്ങളായിരു

ന്നു.അല്ലാഹു(ത) അവന്റെ ഭാഗത്തു നിന്നുള്ള വെളിപാടുകളുടെ ഒരു പേമാരി തന്നെ ചൊരിഞ്ഞു തരുകയുണ്ടായി. അസാധാരണമായ നിലയിൽ അവനിൽ നിന്നുള്ള പിന്താങ്ങലും ലഭിക്കുകയുണ്ടായി.

എല്ലാ ദുആകളും ഇപ്പോൾ എനിക്ക് ഇവിടെ പറയുവാൻ കഴിയുകയില്ല. കാരണം അവയൊക്കെ വളരെ ദൗർഘ്യമേറിയതാണ്. അതൊക്കെ അനേകം പ്രസംഗങ്ങളിലൂടെ മാത്രമെ നിങ്ങൾക്ക് നല്കുവാൻ സാധിക്കുകയുള്ളു. എന്നാൽ അവയിൽ ചിലത് ഞാനിപ്പോൾ നിങ്ങളുമായി പങ്കുവെയ്ക്കുകയാണ്. അത് നിങ്ങളുടെ നിത്യജീവിതത്തിൽ വളരെ വലിയ പ്രയോജനം ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഈ ദുആകൾ നിങ്ങൾ അല്ലാഹുവിനോട് ചെയ്യുമ്പോൾ തീർച്ചയായും അവൻ നിങ്ങളെ ആശ്വസിപ്പിക്കാതിരിക്കില്ല. ഇവയിൽ ചില ദുആകൾ വിശുദ്ധഖുർആനിൽ നിന്നുള്ളതാണ്, മറ്റു ചില ദുആകൾ നമ്മുടെ പ്രിയപ്രവാചകൻ മുഹമ്മദ് (സ) ചെയ്ത ദുആകളാണ്. മറ്റു ചിലതാകട്ടെ മസീഹ് മൗഊദ് (അ) ചെയ്ത ദുആകളാണ്. എന്നാൽ എനിക്ക് ഈ ദുആകൾ ലഭിക്കുന്ന സമയം, എനിക്കത് അറിയാത്തതും, എനിക്ക് പുതിയതുമായിരുന്നു. തീർത്തും അത് ആത്മീയ നിധിതന്നെ ആയിരുന്നു. ഇപ്പോഴും അത് അങ്ങനെ തന്നെ!

അല്ലാഹു(ത) എനിക്ക് നല്കിയ പ്രസ്തുത വെളിപാടുകൾ, എന്റെ ഹൃദയത്തിന് ഒരു ശമനനൗഷധമായിരുന്നു. കാരണം അപ്പോൾ, പ്രസ്തുത സമയത്ത്, അവരെന്നെ കള്ളനെന്ന് മുദ്രകുത്തുകയായിരുന്നു. ഞാൻ അവരുടെ മുമ്പിൽ ഒരു ഭ്രാന്തനായിരുന്നു, അതുപോലെ ഞാനൊരു മാനസിക രോഗിയായിരുന്നു. ഒരിക്കൽ അവർ എന്നെ ഇസ്ലാമിന്റെയും അഹ്മദിയ്യത്തിന്റെയും പേരിൽ ഞാൻ കാട്ടിയ ഭക്തിയെകുറിച്ച് അവർ എന്നെ പുകഴ്ത്തി പറഞ്ഞിരുന്നവരാണ് താനും! എനിക്ക് വളരെയധികം ആദരവും ബഹുമാനവുമുണ്ടായിരുന്ന ഒരു വ്യക്തിയാണ്, എന്നെ അഹ്മദിയ്യത്തിൽ നിന്നും പുറത്താക്കിയത്, അതെ നിസാമെ ജമാഅത്തിൽ നിന്നും പുറത്താക്കിയത്. അതെ! അതായത് പരേതനായ ഹസ്രത് മിർസാ താഹിർ അഹ്മദ് സാഹിഹ് അദ്ദേഹത്തിന്റെ തന്നെ അമീർ നല്കിയ ഒരു വ്യാജറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഒരു നിരപരാധിയായ അല്ലാഹുവിന്റെ ദാസനെ പുറത്താക്കുകയായിരുന്നു. അല്ലാഹുവിൽ നിന്നും എനിക്കു ലഭിക്കുന്ന വെളിപാടുകൾ വിശ്വസിക്കുന്നത്, വിഡ്ഢിത്തരമാണ് എന്ന് മുദ്രയടിക്കുന്ന റിപ്പോർട്ടിൽ വിശ്വസിച്ചാണ് നടപടി എടുത്തത്. നാലാം ഖലീഫ അല്ലാഹു(ത) അദ്ദേഹത്തിന് മാപ്പ് ചെയ്യട്ടെ) പ്രസ്തുത ദൈവീക വെളിപാടുകളെ നോക്കികണ്ടത് കള്ളവെളിപാടുകളായിട്ടാണ്. എന്നിട്ട് ഞങ്ങളുടെമേൽ അദ്ദേഹം ശാപം ചൊരിയുകയും ചെയ്തു. എനിക്ക് വിവരിക്കുവാൻ കഴിയാത്ത നിലയിൽ ഇത് എന്നെ വ്യക്തിപരമായി ബാധിക്കുകയുണ്ടായി. എന്നാൽ പുതിയ നൂറ്റാണ്ടിലെ ദൈവീക വെളിപാടിന്റെ ഉയർത്തെഴുന്നേല്പിലൂടെ, അല്ലാഹു(ത) വ്യക്തമായ നിലയിൽ സത്യവും അസത്യവും വേർതിരിക്കുകയാണുണ്ടായത്. എന്റെ യഥാർത്ഥ കൂട്ടുകാരെയും പേരിൽ മാത്രമുണ്ടായിരുന്ന കൂട്ടുകാരെയും തിരിച്ചറിയുവാൻ കഴിഞ്ഞു. ഞാൻ വേദനിക്കപ്പെട്ടുവെങ്കിലും, അല്ലാഹു(ത) അസാധാരണമായ പിന്താങ്ങലാണ് പ്രകടമാക്കിയത്

അങ്ങനെ എന്റെ നാഥൻ, എനിക്ക് വെളിപാടുകളും, ദുആകളും നല്കിക്കൊണ്ടിരുന്നു. അതിന്നും എനിക്ക് ആശ്വാസവും പിന്താങ്ങലുമായി തുടർന്നു കൊണ്ടിരിക്കുന്നു. അവന്റെ സാന്നിദ്ധ്യം എന്നോടൊപ്പമുണ്ടെന്നു പ്രകടമാക്കിക്കൊണ്ടിരിക്കുന്നു. അവൻ തന്നെയാണ് എന്നെ അവന്റെ തെരഞ്ഞെടുക്കപ്പെട്ട ദൂതനായി ഉയർത്തിയതും!

ആയതിനാൽ എന്റെ പ്രിയ സഹോദരന്മാരെ, സഹോദരിമാരെ, കുഞ്ഞുങ്ങളെ! പ്രസ്തുത ദുആകൾ നിങ്ങളുടെ മുൻപാകെ സമർപ്പിക്കുന്നതിൽ ഞാൻ അതീവ സന്തുഷ്ടനാണ്. ഇത് സ്വീകരിക്കുന്ന നിങ്ങളും മഹാഭാഗ്യവാന്മാരാണ്. ഇത് നിങ്ങളുടെ നിത്യജീവിതത്തിൽ തീർച്ചയായും നിങ്ങളെ സഹായിക്കുക തന്നെ ചെയ്യും. ഈ ദൈവീക തേജസ്സാർന്ന അനുഗ്രഹ ഉറവിടത്തിൽ നിന്നും നിങ്ങൾ പാനം ചെയ്യുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അത് സ്വർഗ്ഗത്തിൽ നിന്നും വരുന്നതാണ്, എന്ന് തിരിച്ചറിഞ്ഞ് പ്രാർത്ഥിക്കുക, ഇൻശാ അല്ലാഹ്!

## വെളിപാടുകൾ/ബോധനങ്ങൾ/ദുആകൾ

1. അല്ലാഹു അല്ലാതെ മറ്റൊരു ലക്ഷ്യവുമില്ല 2. സത്യത്തിൽ ആരാധിക്കുവാൻ അല്ലാഹു അല്ലാതെ മറ്റൊന്നുമില്ല (2000 മാർച്ച് 31ന് ലഭിച്ചത്) ഞാൻ ദിക്ക്റിലായിരിക്കുമ്പോൾ എനിക്കൊരു ദിവ്യബോധനമുണ്ടായി, ഒരാൾ വസ്ത്രങ്ങളണിഞ്ഞ് ഇത് ചൊല്ലുവാൻ എനിക്ക് നിർദ്ദേശം നല്കിക്കൊണ്ടിരിക്കുന്നു. എന്റെ നാഥാ! നിന്റെ കാരുണ്യത്താൽ നീ എന്നെ സഹായിക്കേണമെ! എന്റെ നാഥാ! നിന്റെ അതിരറ്റ അനുഗ്രഹങ്ങളാൽ എന്നെ നീ സഹായിക്കേണമെ! എന്റെ നാഥാ! പരിശുദ്ധാത്മാവിനാൽ നീ എന്നെ സഹായിക്കേണമെ! പരിശുദ്ധിയാൽ നീ എന്നെ ശക്തിപ്പെടുത്തേണമെ! (2000 ഏപ്രിൽ 3ന് ലഭിച്ചത്)

അഹ്മദിയ്യാ നിസാമെ ജമാഅത്തിൽ നിന്നും പുറത്താക്കിയ ശേഷം, ദൈവീക ദൃഷ്ടാന്താരംഭത്തിൽ ലഭിച്ചത് :

2001 ജനുവരി 1-ാം തീയതി, ജമാഅത്തിൽ നിന്നും ഞങ്ങളെ പുറത്താക്കിയത് സംബന്ധമായി എനിക്കറിയില്ലായിരുന്നു. കാരണം എനിക്ക് വെളിപാടുകൾ കിട്ടിക്കൊണ്ടിരിക്കുകയായിരുന്നു. മധ്യാഹ്ന പ്രാർത്ഥനയ്ക്ക് ശേഷം അവിടെ ഒരു പ്രധാന പ്രവർത്തക കമ്മിറ്റി യോഗം ചേരുകയായിരുന്നു. പ്രസ്തുത ദിവസം സുഹ്ർ നമസ്ക്കാരത്തിന് ഞാൻ പള്ളിയിൽ പോവുകയുണ്ടായി. എനിക്ക് നല്ല സുഖം തോന്നിയില്ല. നമസ്ക്കാരാന്തരം ഞാൻ അസ്ർ നമസ്ക്കാരം ഒറ്റയ്ക്ക് നമസ്ക്കരിച്ചു. അതിനുശേഷം ഞാൻ താഴെത്തെ നിലയിലേക്ക് പോയി. അവിടെ ഈ പറയപ്പെട്ട അമീറും പ്രവർത്തകസമിതിയിലെ കുറെ അംഗങ്ങളും അവിടെ കൂടിയിരിക്കുന്നു. ആരും എന്നോട് സംസാരിച്ചില്ല; അഥവാ ഞാൻ സലാം പറഞ്ഞിട്ട് ആരും തന്നെ സലാം മടക്കുകയുണ്ടായില്ല. ഞാൻ സലാം പറഞ്ഞത് അവർ കേൾക്കെ ഉച്ചത്തിലായിരുന്നു. അവരെന്നെ അത്ഭുതത്തോടെ അപരിചിതനപോലെ നോക്കുക മാത്രം ചെയ്തു, രണ്ടു ദിവസം മുൻപാണ് ഞാൻ റോഡ്ഗ്രിസിൽ നിന്നും മൗറിഷ്യസിലേക്ക് മടങ്ങിയത്. എന്റെ മൂന്ന് മാസത്തെ ദൗത്യം പൂർത്തായാക്കിയതിനു ശേഷമാണ് മടങ്ങിയത്. അവിടെ എപ്പോഴൊക്കെ പ്രവർത്തകസമിതിചേരുമോ, അപ്പോഴൊക്കെ എന്നെയും വിളിക്കുക പതിവായിരുന്നു. എന്നാൽ ആ ദിവസം, എന്നെ അറിയിക്കുകയുണ്യില്ല. എന്റെ പിന്നിലെന്താണ് രഹസ്യമായി നടന്നകൊണ്ടിരിക്കുന്നതെന്ന് എനിക്കറിയില്ലായിരുന്നു. രാത്രിയിൽ ഇശാ നമസ്ക്കാരാനന്തരം മാത്രമാണ് അറിയുന്നത്, അതായത് സഫറുല്ലാഹ് ഡൊമൂൺ സാഹിബ്, എന്നെ അറിയിക്കുകയുണ്ടായി, അതായത് നമ്മൾ രണ്ടുപേരെയും (അഹ്മദിയ്യാ ജമാഅത്തിലെ) നിസാമെ ജമാഅത്തിൽ നിന്നും പുറത്താക്കിയിരിക്കുകയാണ്. 1987 നവംബർ 12-ാം തീയതി മുതൽ ഞാൻ അഹ്മദിയ്യാ ജമാഅത്തിനുവേണ്ടി പ്രവർത്തിക്കുന്ന ആളാണ്. അത് 2000 ഡിസംബർ 30വരെ തുടരുകയും ചെയ്തു. (റോഡ്ഗ്രിസ്സിലെ ദൗത്യത്തിനു ശേഷം മൗറിഷ്യസിൽ തിരിച്ചെത്തുന്നതുവരെ) 2001 ജനുവരി 1 മുതൽ ഒരു പുതിയ നൂറ്റാണ്ടിന്റെ തുടക്കത്തിൽ അഹ്മദിയ്യാ നിസാമെ ജമാഅ

ത്തിൽ നിന്നും ഞാൻ പുറത്താക്കപ്പെട്ടിരിക്കുന്നു. അതും ഒരു മൂന്നുമാസത്തെ മുൻകൂർ നോട്ടീസ് പോലും നല്കാതെ! നിയമം അനുശാസിക്കുന്ന യാതൊരു നടപടിയും നല്കാതെ! അഹ്മദിയ്യാ ജമാഅത്തിനായി വർഷങ്ങളായി ഞാൻ ചെയ്ത സേവനത്തിന് അവകാശപ്പെട്ട യാതൊന്നും നല്കാതെ! അതിനെല്ലാം ഉപരിയായി എന്നെ ഔദ്യോഗികമായി പുറത്താക്കിക്കൊണ്ടുള്ള ഔദ്യോഗിക കത്ത് ഇന്നുവരെയും (ഈ ദിനം വരെയും എനിക്ക് കിട്ടിയിട്ടുമില്ല!

ഞങ്ങളോടൊപ്പം അല്ലാഹു ഇല്ലായിരുന്നുവെങ്കിൽ, ഞങ്ങളെ അവൻ പിന്താങ്ങിയില്ലായിരുന്നവെങ്കിൽ, തീർച്ചയായും ഞങ്ങൾ ഒരുപാട് കഷ്ടപ്പെട്ടു പോകുമായിരുന്നു. എന്നാൽ, അൽഹംദിലില്ലാഹ്, അല്ലാഹു(ത) ഞങ്ങൾക്ക് ആത്മീയ ധനം ഇറക്കിതന്നു, അതേ ദിനത്തിൽ, (2001 ജനവരി 1ന്) രാത്രി 9.15ന് അല്ലാഹു (ത) എന്നെ അറിയിക്കുകയുണ്ടായി

1. എല്ലാ അധികാരങ്ങളും അല്ലാഹുവിൽ മാത്രം നിക്ഷിപ്തമാണ്, എല്ലാ ബഹുമതികളും അല്ലാഹുവിൽ മാത്രം കുടികൊള്ളുന്നു. എല്ലാ വിധികളും അല്ലാഹുവിൽ മാത്രമാണ്. എല്ലാ വിജയങ്ങളും അല്ലാഹുവിൽ മാത്രമുള്ളതാണ്.

   സർവ്വാധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ! നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നല്കുന്നു. നീ ഉദ്ദേശിക്കുന്നവരിൽ നിന്നും നീ ആധിപത്യം നീക്കിക്കളയുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ അന്തസ്സ് നല്കുന്നു. നീ ഉദ്ദേശിക്കുന്നവരെ നീ അപമാനിതരാക്കുന്നു. എല്ലാ നന്മയും നിന്റെ കയ്യിലാണ്. നിസ്സംശയം നീ എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാകുന്നു (3:27)

   ഈ പ്രാർത്ഥന വെളിപാടുകളിലൂടെ എനിക്ക് നല്കപ്പെട്ടപ്പോൾ കണ്ണുകളിൽ നിന്നും കണ്ണുനീർ, വെള്ളത്തിന്റെ ടാപ്പ് തുറക്കുമ്പോൾ വെള്ളം ഒഴുകുന്നതുപോലെ പുറത്തേക്കു വന്നു. ഞാൻ ഭയന്നു വിറയ്ക്കുകയായിരുന്നു. അപ്പോൾ അല്ലാഹു(ത) അതേ സ്ഥലത്ത് അതേ സമയത്ത് നല്കുകയുണ്ടായി, നിശ്ചയമായും അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് അനുഗ്രഹങ്ങൾ കണക്കില്ലാതെ നല്കുന്നു. (3:38)

   സത്യവിശ്വാസികളെ! നിങ്ങൾ സഹനം കൈക്കൊള്ളുക നിങ്ങൾ സഹനം കൈക്കൊള്ളുന്നതിൽ മറ്റുള്ളവരെ ജയിക്കുക. എതിർശക്തികളെ വീക്ഷിച്ചുകൊണ്ട് കാവൽ നില്ക്കുക. നിങ്ങൾ വിജയികളായി തീരുന്നതിനുവേണ്ടി അല്ലാഹുവിന്റെ (നിയമങ്ങളെ) സൂക്ഷിക്കുക. (3:201)

   ‘‘എന്റെ നാഥാ! എന്റെ ആത്മാവിനെ ഞാൻ ദ്രോഹിച്ചു പോയി. നീ എനിക്ക് പൊറുത്തു തരേണമെ’’ (28:17)

   ‘‘അവൻ എല്ലാം നല്ലവണ്ണം കേൾക്കുന്നവനും അവൻ എല്ലാം നല്ലവണ്ണം അറിയുന്നവനുമാകുന്നു’’

**പീഡനങ്ങൾ അതികഠിനമായപ്പോൾ 2001 ൽ ലഭ്യമായ ദുആകൾ**

1. കുഴപ്പകാരികളായ ആളുകൾക്കെതിരിൽ നീ എന്നെ സഹായിക്കേണമെ! 2. എന്റെ നാഥാ! നീ എന്നോട് കരുണകാട്ടിയിരിക്കുന്നു, പാപികൾക്ക് ഒരിക്കലും ഞാനൊരു സഹായി ആയിരിക്കരുതേ! 3. എന്റെ നാഥാ! അക്രമികളായ ജനങ്ങളിൽ നിന്നും നീ എന്നെ രക്ഷിക്കേണമെ 4. എന്റെ നാഥാ! നിന്റെ പക്കൽ നിന്നുള്ള ഏതൊരു നന്മയും എനിക്കാവശ്യമുള്ളവനാണ്! 5. എന്റെ നാഥാ! നീ എന്നെ ഒറ്റയ്ക്ക് വിടരുതേ, അനന്തരാവകാശം നല്കുന്നവരിൽ ഏറ്റവും ഉത്തമൻ നീ തന്നെയല്ലോ 6. എന്റെ നാഥാ! അവർ ചെയ്യുന്നതിൽ നിന്നും എന്നെയും എന്റെ കുടുംബത്തെയും നീ രക്ഷിക്കേണമെ! നിശ്ചയമായും നിന്റെ രക്ഷിതാവ്

ഏറ്റവും അധികം ശക്തിയുള്ളവനും അങ്ങേഅറ്റം കരുണചെയ്യുന്നവനുമാണല്ലോ! **(2001 ജനുവരി 3ന് ഫജ്ർ നമസ്ക്കാരാന്തരം ലഭിച്ച്ത്)** 7. ഞങ്ങളുടെ രക്ഷിതാവേ! അവൻ ഞങ്ങളുടെ മേൽ അതിക്രമം കാട്ടുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു. എന്റെ നാഥാ! എന്റെ ആളുകൾ എന്നെ കള്ളനാണെന്ന് വിധിച്ചിരിക്കുന്നു. 8. എന്റെ നാഥാ! എനിക്ക് നീ ജ്ഞാനം നല്കേണമെ! നല്ലവരോടൊപ്പം നീ എന്നെ ചേർത്തു നിർത്തേണമെ! പിൻതലമുറകളിൽ നീ എന്റെ സ്മരണ നില നിർത്തേണമെ! പ്രകാശപൂരിതമായ സ്വർഗ്ഗത്തിന്റെ അനന്തരാവകാശിയാക്കേണമെ! പുനരുത്ഥാന നാളിൽ നീ എന്നെ അപമാനിതനാക്കരുതെ!

വെളിപാടുകൾ എനിക്ക് ലഭിക്കുന്ന വേളകളിൽ ഞാൻ വിയർപ്പിൽ കുളിക്കാറുണ്ട്, ഉത്ഖണ്ഠ നിറഞ്ഞ നിമിഷങ്ങളാണ്, ശരീരം ഇടിച്ചു പിഴിഞ്ഞതുപോലെ ആകാറുണ്ട്, വേദനയാൽ പിടയാറുണ്ട്, വളരെ ദുഃഖം അനുഭവപ്പെടാറുണ്ട്. അവന്റെ അനുഗ്രഹത്താൽ അല്ലാഹു(ത) ഈ ദുആകൾ എനിക്ക് വെളിപ്പെടുത്തി തരികയുണ്ടായി. 1. എന്റെ രക്ഷിതാവേ! നീ എന്റെ ദുഃഖം നീക്കം ചെയ്യേണമെ! 2. നീ അല്ലാതെ മറ്റൊരു ആരാധ്യനുമില്ല; നീ അങ്ങേഅറ്റം പരിശുദ്ധനായവനാകുന്നു. തീർച്ചയായും ഞാൻ അക്രമം പ്രവർത്തിക്കുന്നവരിൽ ഉൾപ്പട്ടുപോയി. (വിഷമത്താൽ, ദുഃഖത്താൽ, ഖേദത്താൽ അഥവാ കടത്താൽ) ഒരുവൻ അകപ്പെടുകയും അവൻ ഈ ദുആ ചെയ്തു കൊണ്ടിരിക്കുകയും ചെയ്താൽ അല്ലാഹു(ത) അവന്റെ എല്ലാ ദുരിതങ്ങളും നീക്കം ചെയ്യാതിരിക്കുകയില്ല. 3. യാ അല്ലാഹ്! നീ എനിക്ക് അറിവ് പ്രദാനം ചെയ്യേണമെ! മാന്യതയാൽ നീ എന്നെ അലങ്കരിക്കേണമെ! സത്യതയാൽ നീ എന്നെ ബഹുമാനിതനാക്കേണമെ! ആരോഗ്യത്താൽ നീ എന്നെ സൗന്ദര്യമുള്ളവനാക്കേണമെ! അല്ലാഹുവിന്റെ നാമത്തിൽ ആരാധനയ്ക്കർഹൻ അവനല്ലാതെ മറ്റാരുമില്ല, അവൻ കരുണാനിധിയാണ്, കാരുണ്യവാനാണ്, എന്റെ രക്ഷിതാവേ! എന്നിൽ നിന്നും നീ ദുഃഖവും പ്രയാസവും നീക്കം ചെയ്യേണമെ! 4. യാ അല്ലാഹ്! എന്റെ ഭാര്യയ്ക്ക് നീ എല്ലാ ബഹുമതികളും നല്കേണമെ, അല്ലാഹുവേ എന്റെ ഭാര്യയ്ക്ക് നീ ആരോഗ്യം പ്രദാനം ചെയ്യേണമെ! എന്റെ രക്ഷിതാവേ എന്റെ ഭാര്യയ്ക്ക് നീ ആരോഗ്യം നല്കുകയും ഇഹലോകത്ത് നീ അവൾക്ക് അനുഗ്രഹങ്ങൾ നല്കുകയും ചെയ്യേണമെ; അതുപോലെ പരലോകത്തും നീ അനുഗ്രഹങ്ങൾ നല്കേണമെ! യാ അല്ലാഹ്! എന്റെ ഭാര്യയുടെയും എന്റെയും ജീവിതം നീ വൃഥാവിലാക്കരുതേ! എല്ലാ വിധ പ്രയാസങ്ങളിൽ നിന്നും നീ ഞങ്ങളെ സംരക്ഷിക്കേണമെ! നീ ഞങ്ങളെ കാത്തുകൊള്ളേണമെ! ഞങ്ങളുടെ വഴികളിൽ പതിക്കുന്ന എല്ലാ പ്രശ്നങ്ങളെയും നീ നീക്കം ചെയ്യേണമെ! 5. എന്റെ രക്ഷിതാവേ! എന്നെ പരിഹസിക്കുന്ന ആളുകളിൽ നിന്നും നീ എന്നെ സംരക്ഷിക്കേണമെ! എന്റെ രക്ഷിതാവേ ! നീ എന്റെ മേൽ സ്വയം വെളിപ്പെടേണമെ! എന്റെ രക്ഷിതാവേ! എന്നെ പരിഹാസമാത്രമാക്കുന്ന ഒന്നിനെയും നീ വിട്ടുകളയരുതേ! എല്ലാവിധ ആക്ഷേപങ്ങളിൽ നിന്നും നീ എന്നെ സംരക്ഷിക്കേണമെ!

ഇൻശാ അല്ലാഹ്, അടുത്ത ആഴ്ചയിലും വെളിപാടുകളിലൂടെ ലഭ്യമായ ദുആകൾ തുടരുന്നതാണ്.

**ഇന്ത്യയിൽ നിന്നുള്ള തമിഴ്നാട്ടിൽപെട്ട മുഖ്താറുദ്ദീൻ സാഹിബ് കണ്ട സ്വപ്നം:**

അൽഹംദുലില്ലാഹ്! മൂന്ന് ദിവസം മുമ്പ് കോയമ്പത്തൂരിലുള്ള എന്റെ പ്രിയശിഷ്യൻ മുഖ്താറുദ്ദീൻ സാഹിബ് ഒരു മഹത്തായ സ്വപ്നം ദർശിക്കുകയുണ്ടായി. നാഗൂർ എന്ന് പറയപ്പെടുന്ന പട്ടണത്തിലാണ് അദ്ദേഹത്തെ കാണുന്നത്. അവിടെ അനേകം ആളുകൾ തിങ്ങിക്കൂടിയിട്ടുണ്ട്. അതിൽ അദ്ദേഹത്തിന് അറിയാവുന്ന

വരും അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കളുമുണ്ട്. അവർ അവിടെ ഒരു പള്ളിയിൽ പോയതാണ്. അവരെല്ലാവരും അദ്ദേഹത്തെയും പ്രസ്തുത പള്ളിയിലേക്ക് ക്ഷണിക്കുകയുണ്ടായി. എന്നാൽ അദ്ദേഹം അവരുടെ ക്ഷണം നിരസിക്കുകയുണ്ടായി. അപ്പോൾ അവർ അദ്ദേഹത്തോട് പറയുകയുണ്ടായി ‘‘ഞങ്ങളെല്ലാവരും ഒരുമിച്ച് ചേർന്ന് സന്തോഷത്തിലാണ്, നീ ഒറ്റയ്ക്കായിപോയല്ലോ? നീ ദുഃഖിതനായി ഒരനാഥനെപോലെ ആയിപോയല്ലോ! എന്നാൽ അദ്ദേഹം അവരോട് മറുപടി ഒന്നും പറഞ്ഞില്ല. അതിനുശേഷം അവരെല്ലാവരും അവിടം വിട്ടുപോയി. അതിനുശേഷം എന്റെ പ്രിയ അനുചരൻ ഒരു ശബ്ദം കേൾക്കുകയുണ്ടായി. ആ ശബ്ദം വിളിച്ചു പറയുന്നു. അവർ ഈ ലോകത്ത് മാത്രമാണ് സന്തോഷിക്കുന്നത്, എന്നാൽ നിങ്ങൾ മരണാനന്തരം സന്തോഷത്തിലായിരിക്കുന്നതാണ്. എന്നാൽ അവർ മരണാനന്തരം അപ്രകാരമായിരിക്കില്ല.

സുബ്ഹാനല്ലാഹ്! അല്ലാഹു അക്ബർ! തീർച്ചയായും ഇത് മഹത്തായ വാർത്ത തന്നെയാണ്. നോക്കൂ, എങ്ങനെയാണ് അല്ലാഹു(ത) അവന്റെ നല്ല അടിയാർകളെ സ്വാന്തനമേകുന്നതെന്ന്!

ഞാൻ നിങ്ങളോട് പറയുവാനാഗ്രഹിക്കുന്നു. മഡഗാസ്ക്കറിലെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ സഹോദരീസഹോദരന്മാരെയും കുട്ടികളെയും സഹായിക്കുവാൻ അല്ലാഹു എനിക്ക് മാർഗനിർദ്ദേശം നല്കിയിരിക്കുന്നു. അൽഹുദുലില്ലാഹ് അതെനിക്കു ചെയ്യുവാനുള്ള കഴിവുണ്ട്. കുറച്ചു ചെയ്തു. ഭക്ഷ്യക്ഷാമത്താലും വരൾച്ചയാലും അവർ ദുരിതമനുഭവിക്കുകയാണ്. അത്തരം സാഹചര്യങ്ങളിൽ അല്ലാഹു(ത) അവന്റെ ദാസനെ ശരിയായ ദിശയിൽ വഴി കാണിക്കുന്നതാണ്. വിശിഷ്യാ കൊറോണവൈറസ് മഹാമാരിയുടെ കാലത്ത്! തീർച്ചയായും മാനവകുലം അപകടത്തിൽ തന്നെയാണ്.

വെളിപാടുകളിലൂടെ ലഭ്യമായ ദുആകൾ ഇന്ന് ഞാൻ ഇവിടെ അവസാനിപ്പിക്കുന്നു. ഈ പ്രാർത്ഥന ചെയ്യുവാൻ ഞാൻ എന്റെ അനുചരന്മാരെയെല്ലാം പ്രോത്സാഹിപ്പിക്കുകയാണ്. അവരുടെ നമസ്ക്കാരങ്ങളിലും, ദുആകളിലും, ദിക്കറുല്ലാഹ്കളിലും, വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നത് മറന്നുപോകാത്ത നിലയിലും ദുആ ചെയ്യേണ്ടതാണ്. ആയതിനാൽ നിങ്ങൾ നിങ്ങളുടെ കാര്യങ്ങളെല്ലാം അല്ലാഹുവിൽ ഭരമേല്പിക്കുക, എന്നിട്ട് ഈ ദുആ ചെയ്തു കൊണ്ടിരിക്കുക. തമ്പുരാനെ നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. യാ അല്ലാഹ്! സർവ്വസ്തുതിയും നിനക്കുമാത്രമുള്ളതാണ് ! യാ അല്ലാഹ് ! നീ എനിക്ക് പൊറുത്തു തരേണമെ! ആമീൻ! സുമ്മ ആമീൻ ! യാ റബ്ബൽ ആലമീൻ!

***Translated & Issued by : Mukarram R. Jamaludin Raother***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India, E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***